(സി) സംസ്ഥാനത്ത് മുഖ്യമായും വടക്കൻ മേഖലയിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം നിരീക്ഷിക്കാനും അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുജനങ്ങളുടെ പിന്തുണയോടുകൂടി നിയമപരമായ രീതിയിലുള്ള നടപടികളാണ് മുഖ്യമായും കൈക്കൊണ്ടുവരുന്നത്. മാവോവാദികളുടെ സ്വാധീനം സംസ്ഥാനത്തെ ആദിവാസി വിഭാഗങ്ങൾക്കിടയിലും പിന്നോക്കമേഖലയിലെ ജനങ്ങൾക്കിടയിലും ഇല്ലാതാക്കാൻ പ്രസ്തുത മേഖലകളിൽ വിവിധ ക്ഷേമപദ്ധതികളും പ്രവർത്തനങ്ങളും നടത്തിവരുന്നു. മാവോയിസ്റ്റ് ഭീഷണി നിലവിലുള്ള ജില്ലകളിൽ പോലീസ് സ്റ്റേഷൻ തലംമുതൽ ജില്ലാ പോലീസ് മേധാവി തലംവരെയുള്ള ഉദ്യോഗസ്ഥരെ ശരിയാംവണ്ണം തെരഞ്ഞെടുക്കുന്നതിലും ആവശ്യമായ പരിശീലനം നൽകുന്നതിലും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. ആവശ്യമായിവരുന്ന ഘട്ടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തിയുള്ള കമാൻഡോ സംവിധാനവും നിലവിൽ വന്നിട്ടുണ്ട്. വനമേഖല മാവോയിസ്റ്റുകൾ താവളമാക്കി ഉപയോഗിക്കുന്നത് തടയാൻ വനം വകുപ്പുമായി ചേർന്ന് പോലീസ് നിലവിൽ പരിശോധനകൾ നടത്തിവരുന്നു. വനമേഖലകളിൽ ജനങ്ങളുടെ സഹകരണം ലഭ്യമാക്കുന്നതിനു വനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങളിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

മാവോയിസ്റ്റുകളുടെ പ്രവർത്തനത്തിന് അനുകൂലമായ സാഹചര്യം ഉടലെടുക്കാതിരിക്കുന്നതിനും ഇവർ ഉന്നം വയ്ക്കുന്ന ജനവിഭാഗങ്ങളായ ആദിവാസികൾ, ഗോത്രവർഗ്ഗക്കാർ മുതലായവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കുമായി വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി കോടികൾ ചെലവാക്കിയിട്ടുണ്ട്. മാവോയിസ്റ്റുകളെ പിടികൂടുന്നതിനു മാത്രമായി പ്രത്യേക തുക ചെലവായിട്ടില്ല.

മാവോയിസ്റ്റ് സാന്നിദ്ധ്യം

233 (3867) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം ആഭ്യന്തര വകുപ്പ് സ്ഥിരീകരിക്കുമ്പോഴും ഇത് സംബന്ധിച്ച് തെളിവൊന്നുമില്ലെന്ന സി.ആർ.പി.എഫ്. അധികൃതരുടെ വെളിപ്പെടുത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് വിശദമാക്കാമോ;

(ബി) മാവോയിസ്റ്റ് ആക്രമണങ്ങൾ ഓരോന്നും ഏത് ഏജൻസിയാണ് അന്വേഷിക്കുന്നത്; എത്ര കേസ്സുകളുടെ അന്വേഷണം പൂർത്തിയായി ; എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മാവോയിസ്റ്റ് ആക്രമണങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. 27-10-2013-ന് കോഴിക്കോട് ചുരണിമലയിൽ എസ്റ്റേറ്റർ കത്തിച്ചതിലേയ്ക്ക് തൊട്ടിൽപാലം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 460/2013
2. 24-4-2014-ന് വയനാട് വെള്ളമുണ്ടയിൽ പോലീസ് ഉദ്യോഗസ്ഥനെ ഭീഷണിപ്പെടുത്തിയതിലേയ്ക്ക് വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 142/14. ഇതിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്
3. 10-11-2014-ന് എറണാകുളം നീറ്റാ ജലാറ്റിൻ ഓഫീസ് ആക്രമിച്ചതുമായി ബന്ധപ്പെട്ട് എറണാകുളം ടൗൺ സൗത്ത് പോലീസ് സ്റ്റേഷൻ ക്രൈംനമ്പർ 1599/14
4. 18-11-2014-ന് വയനാട് തിരുനെല്ലിയിൽ അഗ്രഹാരം റിസോർട്ട് ആക്രമിച്ചതുമായി ബന്ധപ്പെട്ട് തിരുനെല്ലി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 507/2014
5. 7-12-2014-ന് വയനാട് വെള്ളമുണ്ടയ്ക്ക് സമീപം പോലീസ്പാർട്ടിക്കുനേരെ വെടിയുതിർത്തതുമായി ബന്ധപ്പെട്ട് വെള്ളമുണ്ട പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 507/2014. ഇതിൽ മാവോയിസ്റ്റ് സാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ 5 കേസുകളിൽ 460/2013 നമ്പർ കേസ് ക്രൈം ബ്രാഞ്ച്, ആഭ്യന്തര സുരക്ഷാ അന്വേഷണ വിഭാഗവും മറ്റെല്ലാ കേസുകളും ലോക്കൽ പോലീസും അന്വേഷിച്ചുവരുന്നു. എല്ലാ കേസുകളും അന്വേഷണാവസ്ഥയിലാണ്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

കൊലപാതകങ്ങൾ

234 (3868) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് നടന്ന കൊലപാതകങ്ങളിൽ കൊല ചെയ്യപ്പെട്ടവർ ഏത് രാഷ്ട്രീയ പാർട്ടിക്കാരാണ് എന്നും കൊലപാതകികൾ ഏതു രാഷ്ട്രീയപ്പാർട്ടിക്കാരാണ് എന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;